I/35497/2023

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33

Phone:0471-2737251, 2737252 Email:egrantzscdd@gmail.com

No: SCDD/10874/2021-B1 (EDN B) Date: 25-07-2023

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

സർ/ മാഡം,

വിഷയം: ഇ-ഗ്രാന്റ്സ്- 2023-24- അപേക്ഷകളുടെ അപ്രൂവൽ- മാർഗ നിർദേശങ്ങൾ- സംബന്ധിച്ച്

സൂചന : 1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01/12/2022 ലെ കത്ത് നം. SCDD/10874/2021-B1 (EDN B)

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 21/07/2023 ലെ കത്ത് നം. SCDD/3401/2022-B1 (EDN B)

ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയുള്ള സ്കോളർഷിപ്പ് അപേക്ഷകൾ വിദ്യാർഥികളും സ്ഥാപനങ്ങളും അശ്രദ്ധമായി കൈകാര്യം ചെയ്യുകയും അപേക്ഷകൾ അപ്രൂവലായതിനു ശേഷം വിവരങ്ങൾ തിരുത്തുന്നതിനായി വീണ്ടും അപേക്ഷിക്കുകയും ചെയ്യുന്ന പ്രവണത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വിഘാതമാവുകയും സൈറ്റിൽ നിരവധി സാങ്കേതിക പ്രശ്നങ്ങൾക്കു കാരണമാവുകയും ചെയ്യുന്നുണ്ട്. അപ്രൂവലായ അപേക്ഷകൾ വീണ്ടും തിരുത്തുന്നതു കാരണമായി ഇ-ഗ്രാന്റ്സ് സൈറ്റിലെ ഡേറ്റയിൽ നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരിശോധനയിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പ്രസ്തുത പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും ഓൺലൈൻ സ്കോളർഷിപ്പ് വിതരണ പോർട്ടൽ എന്ന നിലയിൽ ഇ-ഗ്രാന്റ്സ് സൈറ്റിന്റെ ഭദ്രത നിലനിർത്തുന്നതിനുമായി അപേക്ഷകളുടെ എൻട്രി, പേയ്മെന്റ്, അപ്രൂവൽ എന്നിവ സംബന്ധിച്ച് പാലിക്കേണ്ടുന്ന മാർഗ നിർദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചതിനു ശേഷവും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിൽ വിദ്യാർഥികളും സ്ഥാപനങ്ങളും വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലെന്നാണ് അതിനു ശേഷവും ലഭിക്കുന്ന അപേക്ഷകളിൽ നിന്നും പരാതികളിൽ നിന്നും മനസിലാകുന്നത്.

| |
|---|
| 2023-24 വർഷത്തെ സ്കോളർഷിപ്പ് അപേക്ഷകൾ ഓപ്പൺ ചെയ്യുന്നതു സംബന്ധിച്ച് സൂചന (2) പ്രകാരം നിർദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ചുവടെ പറയുന്ന വിഷയങ്ങളിലേക്ക് വീണ്ടും ശ്രദ്ധ ക്ഷണിക്കുകയും സ്ഥാപനങ്ങൾക്ക് പ്രസ്തുത നിർദേശങ്ങൾ യഥാവിധി എത്തിക്കണമെന്ന് അറിയിക്കുകയും ചെയ്യുന്നു. സ്ഥാപനങ്ങൾ മുഖേന വിദ്യാർഥികൾക്ക് ശരിയായ അവബോധം നൽകുന്നതിന് നിർദേശം നൽകേണ്ടതുമാണ് |

1. ഇ-ഗ്രാന്റ്സ് ഒരു ഓൺലൈൻ സ്കോളർഷിപ്പ് വിതരണ പോർട്ടലായതിനാൽ സ്കോളർഷിപ്പ്

സംബന്ധമായ വിവരങ്ങൾ ഉത്തരവാദിത്തത്തോടെയും ശ്രദ്ധാപൂർവവും സൈറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിന്റെ പ്രാഥമികമായ ഉത്തരവാദിത്തവും ബാധ്യതയും അപേക്ഷ എന്റർ ചെയ്യുന്ന വിദ്യാർഥിക്കും വിദ്യാർഥിയുടെ രേഖകൾ/ അക്കാഡമിക് വിവരങ്ങൾ പരിശോധിച്ച് അംഗീകാരത്തിനായി അയക്കുന്ന സ്ഥാപന മേധാവിക്കുമാണ്. അപേക്ഷ അംഗീകാരത്തിനായി അയക്കുന്നതിനു മുമ്പ് വിവരങ്ങൾ പരിശോധിച്ച് തിരുത്തുവാൻ മതിയായ അവസരമുണ്ടെന്നിരിക്കേ ഒരു അക്കാഡമിക് വർഷം ഒരിക്കൽ അംഗീകാരത്തിനായി അയച്ച അപേക്ഷ ഉത്തരവാദപ്പെട്ട അതോറിറ്റി അപ്രൂവൽ നൽകിയതിനു ശേഷം ഒരു സാഹചര്യത്തിലും സൈറ്റിൽ തിരുത്തൽ വരുത്താൻ അനുവദിക്കുന്നതല്ല.

2. വിദ്യാർഥികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ എല്ലാ വിവരങ്ങളും പരിശോധിച്ചുറപ്പ വരുത്തിയതിനു ശേഷം മാത്രമേ അംഗീകാരത്തിനായി സ്ഥാപനങ്ങളിൽ നിന്നും ജില്ലാ ഓഫീസിലേക്ക് അയക്കാൻ പാടുള്ളൂ. അക്കാഡമിക് വർഷം, പഠന വർഷം, കോഴ്സിന്റെ പേര്, കോഴ്സ് കാലാവധി തുടങ്ങിയ വിവരങ്ങൾ കൃത്യമായിരിക്കണം. **വിദ്യാർഥിയുടെ അക്കോമഡേഷൻ സ്റ്റാറ്റസ് (Day Scholar/ Institution Hosteler/ Private Hosteler/ Post Matric Hosteler) ഏതാണെന്ന് അന്തിമ തീരുമാനം എടുത്തതിനു ശേഷം മാത്രം** അപേക്ഷകൾ അംഗീകാരത്തിനായി അയക്കേണ്ടതാണ്.

3. ഒരു അക്കാഡമിക് വർഷത്തെ അപേക്ഷാ സമർപ്പണത്തിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഹയർ കോഴ്സുകളിലേക്ക് ഓപ്ഷൻ ലഭിക്കുവാൻ സാധ്യതയുള്ള വിദ്യാർഥികളും ഹയർ കോഴ്സുകൾക്ക് അപേക്ഷിച്ച് പ്രവേശനം പ്രതീക്ഷിക്കുന്ന വിദ്യാർഥികളും ആയത് ഉറപ്പ വരുത്തിയതിനു ശേഷം മാത്രം അപേക്ഷ സമർപ്പിക്കുക.

4. അപ്രൂവലായ അപേക്ഷകളിൽ അനിവാര്യമായ കാരണങ്ങളാൽ മാറ്റം ആവശ്യമെങ്കിൽ വ്യക്തമായ കാരണം സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ഡയറക്ടർക്ക് അപേക്ഷ നൽ കേണ്ടതാണ്. മാറ്റം അനുവദിക്കാനുള്ള കാരണം അനിവാര്യമെന്ന് ബോധ്യപ്പെടുന്ന കേസുകളിൽ ഡയറക്ടറുടെ അനുമതിയോടെ മാത്രം മാനുവലായി തുക അനുവദിക്കുന്നതാണ്. എന്നാൽ സ്ഥാപന തലത്തിലോ ജില്ലാ തലത്തിലോ സംഭവിച്ച അനാസ്ഥ കാരണമായിട്ടാണ് അപേക്ഷ തിരുത്തേണ്ടുന്ന സാഹചര്യമുണ്ടായതെന്ന് കാണുന്ന പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതിന് സർക്കാരിലേക്ക് ശുപാർശ നൽകുന്നതാണ്.

ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന പ്രോസസ് ചെയ്യുന്നതും അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ Approving Authority ആയിട്ടുള്ളതുമായ എല്ലാ സ്കോളർഷിപ്പ് അപേക്ഷകൾക്കും 2023-24 വർഷം മുതൽ മേൽ നിബന്ധനകൾ കർശനമായി നടപ്പിലാക്കുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

**Signed by Sindhu Paramesh**
**Date: 29-07-2023 09:45:26**

ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

---

പകർപ്പ്:-

രജിസ്ട്രാർ
സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം